# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 3183 13.03.2017-ലെ മറുപടിയ്ക്ക്

**തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ എത്തുന്ന ജനങ്ങളുടെ ബുദ്ധിമുട്ടുകൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.സി. ജോർജ് | ഡോ.കെ.ടി.ജലീൽ<br>തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പമന്ത്രി |
| (എ) വിവിധതരം ആവശ്യങ്ങൾക്കായി തദ്ദേശസ്വയംഭരണസ്ഥാപനങ്ങളായ കോർപ്പറേഷൻ ഓഫീസുകൾ, മുനിസിപ്പാലിറ്റി ഓഫീസുകൾ, ഗ്രാമപഞ്ചായത്ത് ഓഫീസുകൾ എന്നിവിടങ്ങളിൽ എത്തുന്ന സാധാരണക്കാരും പാവങ്ങളുമായ ജനങ്ങൾക്ക് അവരുടെ ന്യായമായ ആവശ്യങ്ങൾ സാധിച്ചു കൊടുക്കാതെ വട്ടം കറക്കുന്നതിന് എതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്/സ്വീകരിയ്ക്കുമെന്ന് വിശദമാക്കുമോ; | (എ) ജനങ്ങൾക്ക് ലഭിക്കേണ്ട ന്യായമായ ആവശ്യങ്ങളിൽ കാലതാമസം വരുത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഇത് സംബന്ധിച്ച് പരാതി ലഭിച്ചാൽ, ആയത് അന്വേഷിച്ച് ചട്ടപ്രകാരം നടപടികൾ സ്വീകരിക്കുന്നുണ്ട്. കൂടാതെ, വിജിലൻസ് & ആന്റ് കറപ്ഷൻ ബ്യൂറോ കണ്ടെത്തുന്ന ക്രമക്കേടുകളിലും നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. കൂടാതെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സംബന്ധിച്ച പരാതികൾ 'ഫോർ ദ പീപ്പിൾ' പോർട്ടലിൽ ഓൺലൈനായി നൽകുന്നതിനും സംവിധാനമുണ്ട്. |
| (ബി) കേരളത്തിലെ ടി ഓഫീസുകളിൽ മിക്ക സ്ഥലത്തും കൈക്കൂലി ഇല്ലാതെ ന്യായമായ ആവശ്യങ്ങൾ ഉദ്യോഗസ്ഥർ നടത്തികൊടുക്കുന്നില്ലായെന്ന വസ്തുത മനസ്സിലാക്കിയിട്ടുണ്ടോ; | (ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) ഈ പ്രവണത ഇല്ലാതാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ; | (സി) ആവശ്യങ്ങളിൽ കാലതാമസം ഒഴിവാക്കുവാൻ സേവനങ്ങൾ പരമാവധി ഓൺലൈനാക്കുകയും, ജനങ്ങൾക്ക് സഹായകരമാകുന്ന വിധം ഫ്രണ്ട് ഓഫീസ് സംവിധാനം ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. |
| (ഡി) തദ്ദേശസ്വയംഭരണ ആഫീസുകളിൽ എത്തുന്ന ജനങ്ങളുടെ വിവിധ ആവശ്യങ്ങൾ ഉദ്യോഗസ്ഥർ സാധിച്ചു കൊടുക്കാൻ ഓരോ കാര്യത്തിനും ഒരു നിശ്ചിത കാലാവധി തീരുമാനിച്ച് അതിനുള്ളിൽ കാര്യങ്ങൾ തീർപ്പാക്കാൻ നടപടി സ്വീകരിയ്ക്കുമോ; പ്രസ്തുത വിവരം പൊതുജനം അറിയാൻ ഓരോ ആഫീസുകളുടെ | (ഡി) ജനങ്ങൾക്ക് വകുപ്പുകളിൽ നിന്നും നൽകുന്ന സേവനാവകാശ നിയമത്തിന്റെ പരിധിയിൽ ഉൾപ്പെടുത്തിയിട്ടുള്ള സേവനങ്ങളെ സംബന്ധിച്ച വിവരങ്ങൾ (സേവനങ്ങളും, അവ ലഭ്യമാകുന്നതിനുള്ള പരമാവധി കാലയളവും, അധികാരപ്പെട്ട ഉദ്യോഗസ്ഥരുടെ പേരുവിവരങ്ങൾ എന്നിവയും) |

മുന്നിലും ബോർഡുകൾ സ്ഥാപിയ്ക്കുമോ; നിശ്ചിത സമയ പരിധിയ്ക്കുള്ളിൽ ജനത്തിന് ലഭിയ്ക്കേണ്ട കാര്യങ്ങൾ സാധിച്ചു കൊടുക്കാതിരുന്നാൽ ആവശ്യമായ നിയമ നടപടികൾ സ്വീകരിക്കാനും നടപടി ഉണ്ടാവുമോ; വിശദമാക്കുമോ; ഇതുകൊണ്ട് കൈക്കൂലി വാങ്ങൽ ഒരു പരിധി വരെ കുറയ്ക്കുവാൻ സാധിയ്ക്കുമോ എന്ന് അറിയിക്കാമോ?

വ്യക്തമാക്കിക്കൊണ്ട് ബോർഡ് ഓഫീസുകളിൽ പ്രദർശിപ്പിച്ചിട്ടുണ്ട്. നിശ്ചിത സമയപരിധിക്കകം സേവനങ്ങൾ നൽകാതിരുന്നാൽ, സേവനാവകാശ നിയമപ്രകാരം നടപടികൾ സ്വീകരിക്കുവാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

കമ്പ്യൂട്ടർവൽക്കരണം വഴി കാലതാമസം ഒഴിവാക്കാനാകുന്ന സേവനങ്ങൾ ഓൺലൈനായി ലഭ്യമാക്കുവാനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

Beena

സെക്ഷൻ ഓഫീസർ